R4/47137/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 02.02.2024

## അറിയിപ്പ്

## വിജ്ഞാപനം

സംസ്ഥാനത്തെ എല്ലാ സർക്കാർ / Aided ആർട്സ് & സയൻസ് കോളേജുകളിലും മ്യൂസിക് ,സംസ്കൃത കോളേജുകളിലും ബിരുദ കോഴ്സുകളിൽ 2023-24 അധ്യയന വർഷം ഒന്നാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച വിദ്യാർഥികളിൽ നിന്നും സ്റ്റേററ് മെറിറ്റ് സ്കോളർഷിപ്പിന് വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in-ൽ state merit scholarship(SMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 2-02-2024 മുതൽ ഓൺലൈൻ ആയിഅപേക്ഷിക്കാം.

യോഗ്യത

അപേക്ഷകർ 2023-24അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ /Aided ആർട്സ് & സയൻസ് കോളേജുകൾ ,Music, സംസ്കൃതം കോളേജുകൾ ഇവയിൽ ഏതെങ്കിലും ഒന്നാം വര്ഷം ബിരുദ വിദ്യാർഥികൾ ആയിരിക്കണം

ബി) യോഗ്യത പരീക്ഷയിൽ 85% -ൽ അധികം മാർക്ക് നേടിയിരിക്കണം

II സ്കോളർഷിപ്പ് തുക

പ്രതിവർഷം 10,000/- (പതിനായിരം) രൂപ

III ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ

1) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡ് സൌകര്യമുള്ള ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ അക്കൌണ്ട് ഉണ്ടായിരിക്കണം

2) 1:1:1 എന്ന ക്രമത്തിൽ Science, Commerce, Humanities എന്നീ വിഷയങ്ങളിൽ നിന്നുമാണ് വിദ്യാർഥികളെ തെരെഞ്ഞെടുക്കുന്നത്

3) +2 മാർക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ/aided Arts & science , Music ,Sanskrit കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഡിഗ്രി തലം മുതൽ തുടർച്ചയായി 5 വർഷത്തേക്കാണ് ടി സ്കോളർഷിപ്പ് അനുവധിക്കുന്നത്.

4) 95% വും അതിൽ അധികവും മാർക്ക് ഉള്ള വിദ്യാർഥികൾക്ക് പ്രതിവര്ഷം 10,000/- രൂപ വരുമാന പരിധി കണക്കാക്കാതെ 1050 വിദ്യാർഥികൾക്ക് അനുവദിക്കുന്നു.

5)90% വും അതിൽ അധികവും മാർക്കുള്ള വിദ്യാർഥികൾക്ക് പ്രതിവർഷം 10,000/- രൂപ 2,50,000/- ( രണ്ടര ലക്ഷം) രൂഅപ വരുമാന പരിധി നിശ്ചയിച്ച് 1050 വിദ്യാർഥികൾക്ക് അനുവധിക്കുന്നതാണ്

6) 85% vവും അതിലധികവും മാർക്കുള്ള BPL വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 10,000/-രൂപ വീതം 1050 വിദ്യാർഥികൾക്ക് അനുവധിക്കുന്നതാണ്.

അക്കാദമിക യോഗ്യതയിൽ നേടിയ മാര്ക്കിൻറെ അടിസ്ഥാനത്തിൽ ആണ് --നിശ്ചയിക്കുന്നത്.

മറ്റേതെങ്കിലുംതരത്തിലുള്ള സ്കോളർഷിപ്പുകളോ , സ്റ്റൈപ്പെൻറുകളോ കൈപ്പറ്റുന്ന വിദ്യാർഥികൾക്ക് ഈ സ്കോളർഷിപ്പിനു അർഹതയില്ല

IV അപേക്ഷിക്കേണ്ടരീതി

1) വിദ്ധ്യാർഥികൾക്ക് അപേക്ഷകൾ ഓൺലൈൻ ആയി 2-02-2024 മുതൽ അപേക്ഷിക്കാവുന്നതാണ്.

ഇതിനായി www.dcescholarshipkerala.gov.in എന്നാ വെബ് സൈറ്റിലെ statemerit scholarship (SMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply Online -ൽ ക്ലിക്ക് ചെയ്യുക.

3) മറ്റ് സ്കോളർഷിപ്പിനായി മുന്പ് രജിസ്റ്റർ ചെയ്തിട്ടുണ്ടങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4) അല്ലെങ്കിൽ New Registration-ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് submit ക്ലിക്ക് ചെയ്യുക

5) സ്കോളർഷിപ്പ് പേജിൽ (SMS) എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.

6) കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക

7) Submit ക്ലിക്ക് ചെയ്യുക .

8) Online -ലൂടെ അപേക്ഷ നൽകിയതിനു ശേഷം view/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിൻറെ പ്രിൻറ് ഔട്ട് എടുത്തിരിക്കണം.

9) രജിസ്ട്രേഷൻ ഫോമിൻറെ പ്രിൻറ് ഔട്ട് ഭാഗം ഭാഗം 5-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

10) വിദ്യാർഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിൻറ് ഔട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ അദ്ധേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്ധ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. (Verification)

11) സൂക്ഷ്മ പരിശോധന നടത്തി കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (Approval)

12 ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിന് ഇവ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

13) Verification and Approval അതാത് സ്ഥാപനങ്ങളിൽ നിർബന്ധമയും നടത്തേണ്ടതാണ്.

V) സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ

1) അപേക്ഷകൻറെ ആറു മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ്ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിൻറ് ഔട്ട് (ഇതിൽ സ്ഥാപന മേധാവി ഒപ്പ് രേഖപ്പെടുത്തിയിരിക്കണം)

2) SSLC- മാർക്ക് ലിസ്റ്റിൻറെയും , പ്ലസ് ടു മാർക്ക് ലിസ്റ്റിൻറെയും സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പ്

3) അപേക്ഷകൻറെ സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിൻറെ ഒന്നാമത്തെ പേജിന്റെ സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൌണ്ട് നമ്പർ, ബ്രാഞ്ച് കോഡ് , ബ്രാഞ്ചിൻറെ അഡ്രസ് ഇവ ഉൾപ്പെടുത്തിയിരിക്കണം)

4) നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

5) അപേക്ഷകർ ബി.പി.എൽ. കുടുംബത്തിൽപെട്ട അംഗമാണെന്ന് തെളിയിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി / Block Development Officer-ൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്

6) യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

10) ആധാർ കാർഡിൻറെ കോപ്പി

**VI അവസാന തീയതികൾ:**

1) ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി .15-02-2024 2) രജിസ്ട്രേഷൻ പ്രിൻറ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി : 16-02-2024

3) സ്ഥാപന മേധാവികൾ ഓൺലൈൻ വഴി verification -ഉം Approval-ഉം പൂർത്തിയാക്കേണ്ട അവസാന തീയതി: 18-02-2024

കൂടുതൽ വിവരങ്ങൾക്ക് **8921679554** എന്ന നമ്പരിൽ ബന്ധപ്പെടുക.

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപന മേധാവികൾക്ക് ആയിരിക്കും.

Approval Valid

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Digitally Approved By
സബീന. എ
Date: 02.02.2024
Reason: Approved